• കത്തുകൾ

# വിദ്യാഭ്യാസം ഉപാസനയാക്കിയ സാത്വികൻ

**1975-ൽ** ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ ചേരുമ്പോൾ അബുൽ ജലാൽ മൗലവിയായിരുന്നു പ്രിൻസിപ്പൽ. അന്നത്തെ ഒന്നാം ക്ലാസ്സിലാണ് പഠിച്ചിരുന്നതെങ്കിലും പ്രിൻസിപ്പലിന്റെ അടുത്ത ക്ലാസ് റൂമുകളിൽ ഒന്നായിരുന്നു അത്. മൗലവി കോളേജിലുണ്ട് എന്നറിഞ്ഞാൽ ഞങ്ങൾ നിശ്ശബ്ദരായിരുന്ന് പഠിക്കുമായിരുന്നു. അദ്ദേഹം പ്രത്യേകിച്ച് ഒന്നും ചെയ്തിട്ടൊന്നുമല്ല ഇത്. വിദ്യാർഥികൾക്ക് മാത്രമല്ല അധ്യാപക-അനധ്യാപകർക്കും മൗലവിയുടെ വ്യക്തിത്വത്തോടും പാണ്ഡിത്യത്തോടും വല്ലാത്ത ആദരവായിരുന്നു. ആ ആദരവ് ഞങ്ങൾ കുട്ടികളുടെ മുന്നിൽ ഭയമായി രൂപപ്പെടുകയായിരുന്നു.

എന്നാൽ വിദ്യാർഥികളുമായുള്ള അദ്ദേഹത്തിന്റെ ബന്ധം കേവലം ശിഷ്യനും ഗുരുനാഥനും എന്നതിനേക്കാളുപരി മകനും രക്ഷിതാവും എന്ന തലത്തോളം ഉയർന്നതായിരുന്നു. ഏതാനും വർഷങ്ങൾക്കു മുമ്പ് അദ്ദേഹം ജിദ്ദ സന്ദർശിച്ചപ്പോൾ ശാന്തപുരം അലുംനി അസോസിയേഷൻ സ്വീകരണം നൽകി. ബാപ്പ മക്കളെ കാണാൻ വന്നു എന്നുപറഞ്ഞുകൊണ്ടായിരുന്നു മൗലവി പ്രസംഗം ആരംഭിച്ചത്.

ചലനമാണ് പുരോഗതിയുടെ അടിസ്ഥാനം. സ്ഥാപനങ്ങളുടെ പുരോഗതിക്കും ബാധകമാണ് ഈ തത്ത്വം. പതിറ്റാണ്ടുകളോളം ഒരേ വ്യക്തിതന്നെ സ്ഥാപനങ്ങൾ കൈകാര്യം ചെയ്യുന്നതിനു പകരം ഇടക്കിടെ മാറ്റം (Rotational Transfer) ഉണ്ടാവുന്നതാണ് അഭികാമ്യം. അതിലൂടെ വ്യക്തിക്ക് മാത്രമല്ല സ്ഥാപനങ്ങൾക്കും പുതിയ രീതികൾ പരീക്ഷിക്കാൻ കഴിയും. അബുൽ ജലാൽ മൗലവി ഓരോ സ്ഥാപനത്തിലും തന്റെ ഊഴം നിശ്ചയിക്കുകയും അവിടെനിന്ന് മറ്റു സ്ഥാപനങ്ങളിലേക്ക് നീങ്ങുകയുമായിരുന്നു. മൂന്ന് ജില്ലകൾ കേന്ദ്രീകരിച്ച് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അനേകം സ്ഥാപനങ്ങൾ സ്ഥാപിക്കുകയുണ്ടായി. വിദ്യാഭ്യാസത്തിന്റെ എല്ലാ മേഖലകളിലും മൗലവി തന്റെ വ്യക്തിമുദ്ര പതിപ്പിക്കുകയുണ്ടായി. മത-ഭൗതിക വിദ്യാഭ്യാസം, സയൻസ്, ടെക്നോളജി, മെഡിസിൻ, ആർട്സ്, കൊമേഴ്സ്, മാനേജ്മെന്റ് തുടങ്ങിയ വിജ്ഞാനത്തിന്റെ ഒരു മേഖലയും നമുക്ക് അന്യമാവരുതെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. ശാന്തപുരത്ത് മത-ലൗകിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചപ്പോൾ തിരൂർക്കാട്ട് ഇലാഹിയ കോളേജിൽ പരമ്പരാഗത മത-ഭൗതിക പഠനങ്ങൾക്കു പുറമെ ഹമദ് ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലൂടെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ കൈവെച്ചു. പെരുമ്പിലാവിൽ ഉയർന്ന നിലവാരമുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകൾക്കു പുറമെ ശാസ്ത്ര, മാനേജ്മെന്റ്, ആർട്സ്, കൊമേഴ്സ്, നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് തുടക്കം കുറിച്ചു. ഇവിടെ ഖുർആൻ മനഃപാഠമാക്കാനും സൗകര്യമൊരുക്കി. മണ്ണാർക്കാട് ഇർശാദിൽ ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സിന് തുടക്കം കുറിച്ചു.




**ഇബ്റാഹീം ശംനാട്**

## ഒരു പ്രഭാഷണത്തിന്റെ ഓർമ

**1968-ൽ** ചാവക്കാടിനടുത്ത് തിരുവത്രയിൽ ഒരു പൊതുയോഗം സംഘടിപ്പിച്ചിരുന്നു. ഇസ്‌ലാമിക പ്രഭാഷണം എന്നാണ് നോട്ടീസിൽ പറഞ്ഞിരുന്നതെങ്കിലും ജമാഅത്തെ ഇസ്‌ലാമിയുടെ യോഗമാണെന്ന് പരക്കെ പ്രചരിച്ചു. അന്ന് ഈ പ്രദേശത്ത് ജമാഅത്തിന് ഘടകം ഉണ്ടായിരുന്നില്ല. മുതുവട്ടൂരിലാണ് പ്രാദേശിക ഘടകമുള്ളത്. അന്ന് ചാവക്കാട് ഹംദർദ് ഹൽഖാ നാസിമും ഫർക്കാ കൺവീനറും മർഹൂം കെ.സി പൂക്കോയ തങ്ങളായിരുന്നു. അദ്ദേഹവും മുതുവട്ടൂർ ബോർഡിംഗ് മദ്റസയിൽ ജോലിചെയ്തിരുന്ന ഒ.പി ഹംസ മൗലവിയുമായിരുന്നു പ്രസംഗകർ. പൊതുയോഗദിവസം അബുൽ ജലാൽ മൗലവി ചാവക്കാട്ട് വന്നിരുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേജുമായി ബന്ധപ്പെട്ട കാര്യത്തിനായിരുന്നു വരവ്. വി.കെ ഉസ്മാൻ സാഹിബ് മൗലവിയെ യോഗത്തിൽ പ്രസംഗിക്കാൻ കൂട്ടിക്കൊണ്ടുവന്നു. ദേശീയ പാതക്കരികിലായിരുന്നു യോഗം. കേൾവിക്കാർ ധാരാളം. പ്രദേശത്ത് ജമാഅത്തിന്റെ ആദ്യ പരിപാടിയായതിനാൽ വല്ലാത്ത പ്രചാരണം ലഭിച്ചു. എടക്കഴിയൂർ പള്ളി ദർസ് പ്രസിദ്ധമായിരുന്ന കാലം. ദർസിലെ മുതിർന്ന മുതഅല്ലിമീങ്ങളും മുസ്‌ലിയാക്കന്മാരുമൊക്കെ പ്രസംഗം കേൾക്കാൻ കുറച്ച് മാറി നിൽപുണ്ട്. നാട്ടുകാരിൽ ചിലർ വേദിക്ക് മുന്നിലിരുന്നു. കമ്യൂണിസ്റ്റുകാരും കേൾവിക്കാരായുണ്ട്. അബുൽ ജലാൽ മൗലവി പ്രസംഗം തുടങ്ങി മിനിറ്റുകൾക്കകം സ്റ്റേജിലേക്ക് കല്ലുകൾ വന്നുവീഴാൻ തുടങ്ങി. കൂക്കിവിളിയും ഉയർന്നു. മൗലവി പ്രസംഗം നിർത്തിയില്ല. പ്രസംഗവും കൂവലും കല്ലേറും തുടർന്നു. ക്രമേണ അപശബ്ദങ്ങൾ നിലച്ചു, കല്ലേറും. മൗലവി മുസ്‌ലിംകളുടെ ഉത്തരവാദിത്വമെന്തെന്നും ഇന്ന് നമ്മുടെ അവസ്ഥയെന്തെന്നും ഉള്ളിൽതട്ടുംവിധം വിശകലനം ചെയ്ത് പ്രസംഗം തുടർന്നു. പ്രസംഗം പലരുടെയും കണ്ണുകൾ നനയിച്ചു. മൗലവിയും കരഞ്ഞുപോയി. കരഞ്ഞുകൊണ്ടുതന്നെ പ്രസംഗം തുടർന്നു. കണ്ണീരിൽ കുതിർന്ന പ്രാർഥനയും. കേൾവിക്കാരിൽ പലരുടെയും തല കുനിഞ്ഞു. ചിലർക്ക് കുറ്റബോധം. 'അദ്ദേഹം പറഞ്ഞത് കാര്യമല്ലേ, ചിന്താവിഷയമല്ലേ?' - ഒരു മുസ്‌ലിയാരുടെ പ്രതികരണം.

ആ യോഗം നടന്ന സ്ഥലത്ത് ഇപ്പോൾ പ്രസ്ഥാനത്തിന്റെ നിയന്ത്രണത്തിൽ ഇസ്‌ലാമിക് സെന്ററും മസ്ജിദും പ്രവർത്തിച്ചുവരുന്നു.

**ടി.വി മുഹമ്മദലി**

## പിതാവിന്റെ സ്നേഹം

**1977** മുതൽ തിരൂർക്കാട് ഇലാഹിയാ കോളേജിൽ ആറു വർഷത്തോളം അബുൽജലാൽ മൗലവിയുടെ ശിഷ്യത്വം സ്വീകരിക്കാൻ എനിക്ക് ഭാഗ്യമുണ്ടായി. അക്കാലത്ത് തെക്കൻ കേരളത്തിൽനിന്ന് വേറെ വിദ്യാർഥികളൊന്നും അവിടെ ഉണ്ടായിരുന്നില്ല. അതിനാൽ കോട്ടയം ജില്ലയിലെ ഈരാറ്റുപേട്ടക്കാരനായ എന്നോട് മൗലവിക്ക് പ്രത്യേക സ്നേഹമായിരുന്നു. ക്ലാസ്സിനിടയിൽ വിദേശ പര്യടനത്തിന്റെ

അനുഭവങ്ങളും മറ്റും വിവരിക്കും. സ്വാഭാവികമായും ക്ലാസ്സുകൾ നീണ്ടുപോകും. പീരിയഡ് ബെല്ലുകൾ അടിച്ച കാര്യം ഞങ്ങൾ അറിയുകയില്ല. മറ്റ് ആവശ്യങ്ങൾക്കു വേണ്ടി പുറത്തുപോയാൽ ദിവസങ്ങൾ കഴിഞ്ഞാണ് വീണ്ടും ക്ലാസ്സിലെത്തുന്നത്. തിരിച്ച് വരുന്ന ദിവസം വെള്ളിയാഴ്ചയാണെങ്കിൽ വിദ്യാർഥികളെല്ലാം നല്ല സന്തോഷത്തിലായിരിക്കും. ഇന്ന് മൗലവിയുടെ ഖുത്ബ കേൾക്കാമല്ലോ.

ഒരു പിതാവിന്റെ വാത്സല്യമാണ് ഞങ്ങൾക്ക് മൗലവിയിൽനിന്ന് ലഭിച്ചത്. ഒരിക്കൽ, രാവിലെ മദ്റസയിൽ പഠിപ്പിച്ചിരുന്ന വിദ്യാർഥികളായ ഞങ്ങൾ ആരും തന്നെ മദ്റസയിൽ പഠിപ്പിക്കാൻ പോയില്ല. അതേ ജോലിചെയ്യുന്ന നാട്ടുകാരായ അധ്യാപകർക്ക് നല്ല ശമ്പളവും ഞങ്ങൾക്ക് കുറഞ്ഞ ശമ്പളവും നൽകാൻ തീരുമാനിച്ചതിൽ പ്രതിഷേധിച്ചായിരുന്നു ഇത്. പ്രശ്നം മൗലവിയുടെ മുമ്പിലെത്തി. ഞങ്ങൾക്ക് പേടിയായി. പഠിക്കുന്ന സ്ഥാപനത്തിൽനിന്നു തന്നെ ഞങ്ങളെ പറഞ്ഞയക്കുമോ? ഞങ്ങളെ വിളിച്ച് മൗലവി കാര്യങ്ങൾ അന്വേഷിച്ചു. 'അടുത്ത മാസം മുതൽ നാട്ടുകാർക്ക് നൽകുന്ന ശമ്പളം തന്നെ നിങ്ങൾക്കും' – മൗലവി സന്തോഷത്തോടെ പറഞ്ഞു.

20 വർഷങ്ങൾക്കു ശേഷം ഞാൻ സന്ദർശിക്കാൻ ചെന്നപ്പോഴും എന്റെ പേരും സ്ഥലവും മൗലവിക്ക് ഓർമയുണ്ടായിരുന്നു.

**കെ.പി. ബശീർ, ഈരാറ്റുപേട്ട**

## *പ്രബോധനം* റമദാൻ ക്വിസ് –5

### ശരിയുത്തരങ്ങൾ

1. ലൈലത്തുൽ ഖദ്ർ
2. ജിബ്രീൽ(അ)
3. ഇഅ്തികാഫ്
4. ഫിത്വ്ർ സകാത്ത്
5. മാസപ്പിറവി കണുമ്പോൾ
6. ഈദുൽ ഫിത്വ്ർ
7. ഒരു പ്രാവശ്യം
8. ഋതുമതികൾ
9. മൂന്ന് തക്ബീർ വീതം
10. സയ്യിദ് സാബിഖ്

### വിജയികൾ

**1.** വൈ. സീനത്ത്
പി.ഒ കാവശ്ശേരി
പാലക്കാട്

**2.** ടി. ഹഫ്സ
തടായിൽ
പി.ഒ ചേന്ദമംഗല്ലൂർ
കോഴിക്കോട്

**3.** സുമയ്യ ബശീർ
വനിതാ ഇസ്‌ലാമിയാ കോളേജ്,
മൂവാറ്റുപുഴ
എറണാകുളം

# ദീർഘദൃഷ്ടിയുള്ള വിദ്യാഭ്യാസ വിചക്ഷണൻ

**കേരളത്തിലെ** ഒട്ടനവധി മതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ന് നിലവിലുള്ള ആർട്സ് ആന്റ് ഇസ്‌ലാമിക് കോഴ്സിന്റെ(എ.ഐ.സി) രൂപരേഖ തയാറാക്കുന്നതിൽ മുഖ്യ പങ്ക് അബുൽജലാൽ മൗലവിയുടേതായിരുന്നു. ശാന്തപുരം ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പലായിരുന്ന കാലത്താണ് എ.ഐ.സി കോഴ്സിന്റെ രൂപരേഖ അദ്ദേഹം തയാറാക്കിയത്. മതവിദ്യാഭ്യാസത്തിലും ഭൗതിക വിദ്യാഭ്യാസത്തിലും നിപുണരായ പലരുമായും അദ്ദേഹം ചർച്ച നടത്തി. പല യൂനിവേഴ്സിറ്റികളുടെയും കോളേജുകളുടെയും പാഠ്യപദ്ധതികളും പഠന രീതികളും വസ്തുനിഷ്ഠമായി പഠിച്ചു. മതവിദ്യാഭ്യാസവും ഭൗതിക വിദ്യാഭ്യാസവും സമന്വയിപ്പിക്കുന്ന എ.ഐ.സി കോഴ്സുകളുടെ പ്രസക്തി ഇന്നും നിലനിൽക്കുന്നു. ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ ഇപ്പോൾ പ്രചുരപ്രചാരമായിത്തീർന്ന വിനിമയ സമീപനരീതി(Communicative approach) 30 കൊല്ലം മുമ്പ് ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ നടപ്പാക്കുന്നതിൽ മൗലവി പ്രത്യേകം താൽപര്യം കാണിച്ചിരുന്നു. കോളേജിലെ ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ വിദ്യാർഥികൾക്കായി ഇംഗ്ലീഷ് ഡിബേറ്റിംഗ് ക്ലബ് സ്ഥാപിക്കാൻ അദ്ദേഹം മുൻകൈയെടുത്തു. ആഴ്ചയിൽ ഒരു ദിവസം നടക്കുന്ന ഡിബേറ്റിംഗ് ക്ലബിന്റെ പരിപാടികളിൽ വളരെ ഉത്സാഹത്തോടും താൽപര്യത്തോടും കൂടിയാണ് കുട്ടികൾ പങ്കെടുത്തിരുന്നത്. ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള പ്രേരണയും പ്രോത്സാഹനവും ഡിബേറ്റിംഗ് ക്ലബിലെ സംവാദങ്ങളിലൂടെ വിദ്യാർഥികൾക്ക് ലഭിച്ചിരുന്നു. ഡിബേറ്റിംഗ് ക്ലബ് യോഗങ്ങളിൽ മൗലവി നിരീക്ഷകനായി പങ്കെടുക്കുക പതിവായിരുന്നു. കോളേജിൽ 'ഇംഗ്ലീഷ് ഡേ' ആചരിക്കാനും അദ്ദേഹം അനുവാദം നൽകി. The Dawn എന്ന പേരിൽ ഇംഗ്ലീഷ് കൈയെഴുത്തു പത്രം വിദ്യാർഥികൾ പ്രസിദ്ധീകരിക്കാൻ തുടങ്ങിയതും മൗലവി ശാന്തപുരം കോളേജ് പ്രിൻസിപ്പലായിരുന്ന കാലത്താണ്. ഇംഗ്ലീഷിൽ ലേഖനങ്ങളെഴുതുന്നതിലും ഇംഗ്ലീഷിൽനിന്ന് വിവർത്തനം ചെയ്യുന്നതിലും ഇക്കാലത്ത് വിദ്യാർഥികൾക്ക് വളരെയധികം പ്രോത്സാഹനമാണ് ലഭിച്ചത്.

**പി.എ.എം അബ്ദുൽഖാദിർ,**
**തിരൂർക്കാട്**

# അബുൽജലാൽ മൗലവിയല്ല പ്രഥമ പ്രിൻസിപ്പൽ

**മർഹൂം** പി. മുഹമ്മദ് അബുൽജലാൽ മൗലവിയെ സംബന്ധിച്ച് '1955–ൽ ശാന്തപുരം ഇസ്‌ലാമിയാ കോളേജ് ആരംഭിച്ചപ്പോൾ അതിന്റെ പ്രഥമ പ്രിൻസിപ്പലായി' എന്ന് *പ്രബോധന*(2007 ജനുവരി 13)ത്തിലും ഇസ്‌ലാമിക വിജ്ഞാന കോശ(വാള്യം 1, പേജ് 491)ത്തിലും വന്നത് ശരിയല്ല. ശാന്തപുരം കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ മർഹൂം എ.കെ. അബ്ദുൽഖാദിർ മൗലവിയായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ പ്രഥമ അമീറായ ഹാജി വി.പി മുഹമ്മദലി സാഹിബിന്റെ നിർദേശപ്രകാരം 1951–ൽ ശാന്തപുരം ജുമുഅ മസ്ജിദിൽ മുദർരിസായി വന്ന എ.കെ 1953–ൽ അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ സ്ഥാപിതമായപ്പോൾ അതിലെ പ്രധാനാധ്യാപകനായി. 1955–ൽ മദ്റസ കോളേജായി ഉയർത്തപ്പെട്ടപ്പോൾ എ.കെ അബ്ദുൽഖാദിർ മൗലവിയെത്തന്നെയാണ് പ്രഥമ പ്രിൻസിപ്പലായി നിയമിച്ചത്.

**ഹൈദരലി ശാന്തപുരം**